# PENCIL

**Process Ensuring for Natural Classroom Interaction and Learning**

**എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ**

**ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ (കരട്)**

| ക്ലാസ് : 3 | യൂണിറ്റ് 8 -വെളിച്ചം പകർന്നവർ | മൊഡ്യൂൾ 17. | മുൻപേ നടന്നവർ |
|---|---|---|---|

| | |
|---|---|
| **ആമുഖം** | മാനവികതയുടേയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉദാത്ത മാതൃകകൾ സ്വന്തം ജീവിതം കൊണ്ട് ലോകത്തിന് സമർപ്പിച്ച നിരവധി മഹത് വ്യക്തികൾ ഉണ്ടായിട്ടുണ്ട്. അവരുടെ സന്ദേശങ്ങൾ ജീവിതത്തിലെ ചില സംഭവങ്ങൾ എന്നിവ കുട്ടികൾക്ക് പകർന്ന് നൽകുന്നതാണ് ഈ യൂണിറ്റ്. കേരള ജനതയെ നവോത്ഥാനത്തിലേക്ക് നയിച്ചവരിൽ പ്രധാനിയായ ശ്രീനാരായണ ഗുരുവിന്റെ ചെറുപ്പകാലത്തിലേക്ക് കുട്ടികളെ കൊണ്ടുപോകുന്ന ഭാഗമാണ് മുൻപേ നടന്നവർ. |
| **ആശയം** | ലോക പൗരൻ എന്ന ധാരണ കൈവരുന്നു. എല്ലാ മനുഷ്യരേയും ഒന്നായി കാണാൻ സമൂഹത്തെ പ്രേരിപ്പിക്കുന്നതിൽ മഹാന്മാർ പങ്കുവഹിച്ചിട്ടുണ്ട്. മഹാന്മാരേയും അവരുടെ ആശയങ്ങളും അറിയുന്നത് വ്യക്തിത്വ വികാസത്തിന് സഹായകമാണ്. മഹത്തായ പ്രവൃത്തികൾ ചെയ്യുന്നവർ എന്നും സ്മരിക്കപ്പെടും. |
| **പഠനനേട്ടം** | കഥ കവിത ലഘുവിവരണം എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. സഹപാഠികളുടെ രചനകൾ വിലയിരുത്തിയും മറ്റുള്ളവർ ആവിഷ്ക്കരിച്ച ആശയങ്ങൾ, പ്രയോഗങ്ങൾ എന്നിവ വിശകലനം ചെയ്ത് സ്വന്തം രചനകൾ മെച്ചപ്പെടുത്തുന്നു. |
| **വ്യവഹാര രൂപം** | വിവരണം |
| **സാമഗ്രികൾ** | വിവരണം - ടീച്ചർവേർഷൻ - സംഭാഷണം |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം 2. കഥാവായന 3. ചോദ്യങ്ങൾ 4. വിശകലന ചോദ്യങ്ങൾ 5. എഴുതാം 6. ഒറ്റവാക്യം എഴുതാം 7. സങ്കൽപ്പിച്ച് എഴുതാം 8. എഡിറ്റിംഗ് 9. അന്നും ഇന്നും 10. ശേഖരിക്കാം 11. ചുമർപത്രിക |
| **ചുമർപത്രിക** | ശ്രീനാരാണഗുരുവിന്റെ സന്ദേശങ്ങൾ, ജീവിതാനുഭവങ്ങൾ, മഹാന്മാരുമായി ബന്ധപ്പെട്ട കഥകൾ |
| **വർക്ക്ഷീറ്റ്** | 3124 അന്ന് ഇന്ന് |
| **സർഗ്ഗവേള** | റോൾ പ്ലേ |
| **സി.പി.ടി.എ** | പ്രദർശനം - പ്രകടനം |

**1. പ്രവേശകം (10 മിനിറ്റ് )**

ടീച്ചർ ഒരു കഥ പറയുന്നു. ഒരു കുടിപ്പള്ളിക്കൂടം. അവിടെ പഠിക്കുന്ന കുട്ടികളിൽ ഒരാൾ വളരെ പെട്ടെന്ന് കാര്യങ്ങൾ പഠിക്കുന്നു. മറ്റ് കുട്ടികൾ വളരെ കൂടുതൽ സമയം എടുക്കുന്നു. ഇത് അധ്യാപകന് വിഷമം സൃഷ്ടിച്ചു. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് ? എന്തായിരിക്കും അവിടെ സംഭവിച്ചിട്ടുണ്ടാവുക? കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.

എന്നാൽ യഥാർത്ഥത്തിൽ അവിടെ എന്താണ് സംഭവിച്ചിട്ടുണ്ടാവുക? എങ്ങനെ അറിയാം? പാഠവായനയിലേക്ക് നയിക്കുന്നു.

**2. കഥാവായന (40 മിനിറ്റ് )**

കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി വായിക്കുന്നു (10 മിനിറ്റ് )

നേരത്തെ നടത്തിയ പ്രതികരണവുമായി താരതമ്യം ചെയ്യുന്നു. തുടർന്ന് ടീച്ചർ കുട്ടികളോട് ചോദിക്കുന്നു.

എല്ലാവർക്കും വായിക്കാൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് എല്ലാവർക്കും വായിക്കാൻ കഴിയാഞ്ഞത്? (അക്ഷരങ്ങൾ, ചിഹ്നങ്ങൾ അറിയില്ല, അർത്ഥമറിയില്ല, പ്രയോഗങ്ങൾ അറിയില്ല)

എല്ലാവർക്കും വായിക്കാൻ കഴിയേണ്ടേ? അതിന് എന്തുചെയ്യാം? ഒരു പ്രാവശ്യം കൂടി വായിച്ച് ഇഷ്ടപ്പെട്ടത് –, അറിയുന്നത് ✓ അറിയാത്തത് $x$ എന്നിവ ചിഹ്നങ്ങൾ ഇട്ട് അടയാളപ്പെടുത്തുന്നു .

ഇത് മൂന്നംഗ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ നോട്ടു പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. ഓരോ ഗ്രൂപ്പുകളായി ക്ലാസിൽ അവതരിപ്പിക്കുന്നു. ടീച്ചർ എല്ലാ ഗ്രൂപ്പിന്റേയും ക്രോഡീകരണം നടത്തുന്നു.

**പദശേഖരം :** ടീച്ചർ ക്രോഡീകരിച്ചവയിലെ പുതിയ പദങ്ങൾ എല്ലാവരും നോട്ടു പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. ഇവയുടെ അർത്ഥം ചർച്ച ചെയ്യുന്നു.

**3. ചോദ്യങ്ങൾ ചോദ്യങ്ങൾ (40 മിനിറ്റ് )**

ടി.ബിയിലെ പ്രവർത്തനം കുട്ടികൾ വായിക്കുന്നു. എന്താണ് ചെയ്യേണ്ടത്? കുട്ടികൾ പറയുന്നു. ആവശ്യമെങ്കിൽ ടീച്ചർ ഇടപെടുന്നു.

ചോദ്യങ്ങൾ നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നു.

(പ്രധാന ആശയങ്ങൾ ഉത്തരമായി വരുന്നവ, പ്രധാന ചോദ്യവാക്കുകൾ - എന്ത്, ഏത്, എന്തിന്....., ഉത്തരങ്ങൾ ഊഹിച്ചു പറയാൻ കഴിയുന്നവ, വായിച്ച ആശയങ്ങൾ വിശകലനം ചെയ്ത് ഉത്തരം കണ്ടെത്താൻ കഴിയുന്നവ)

തുടർന്ന് കുട്ടികൾ പാഠഭാഗം ഒരു പ്രാവശ്യം കൂടി വായിച്ച് വ്യക്തിഗതമായി ചോദ്യങ്ങൾ നിർമ്മക്കുന്നു. (10 മിനിറ്റ്)

നാല് പേർ വീതമുള്ള ഗ്രൂപ്പായി ഓരോരുത്തരും കണ്ടെത്തിയ ചോദ്യങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പിൽ ചർച്ചചെയ്ത് ആവശ്യമായ മാറ്റം വരുത്തുന്നു. ഓരോ ഗ്രൂപ്പുകളും തങ്ങൾ കണ്ടെത്തിയ ചോദ്യങ്ങൾ മറ്റ് ഗ്രൂപ്പുകളോട് ചോദിച്ച് ചോദ്യോത്തര പയറ്റ് നടത്തുന്നു.

കുട്ടികൾ വിട്ടുപോയ ഏതെങ്കിലും പ്രധാന ചോദ്യം ഉണ്ടെങ്കിൽ ടീച്ചർ കൂട്ടിച്ചേർക്കുന്നു.

**പ്രതികരണ പേജിലേക്ക്** : എല്ലാ കുട്ടികൾക്കും വായിച്ച് ആശയം കണ്ടെത്താൻ കഴിഞ്ഞോ? കുട്ടികൾ നേരിടുന്ന പ്രശ്നമെന്താണ്? എങ്ങനെ പരിഹരിക്കാം?

**4. വിശകലന ചോദ്യങ്ങൾ (40 മിനിറ്റ് )**

ടീച്ചർ വിശകലന ചോദ്യങ്ങൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഓരോ ചോദ്യങ്ങളായി വായിക്കുന്നു.

1. ഓരോന്നു പഠിപ്പിച്ചു കഴിയുമ്പോഴും നാരായണന് സംശയമുണ്ടാകുന്നത് എന്തുകൊണ്ടായിരിക്കും?
2. കുടിപ്പള്ളിക്കുടത്തിലെ പഠനം കഴിഞ്ഞ് യാത്ര പറയുമ്പോൾ കൂട്ടുകാർക്ക് സങ്കടം തോന്നിയത് എന്തുകൊണ്ടായിരിക്കും?

കുട്ടികൾ ഓരോ ചോദ്യങ്ങൾക്കായി വ്യക്തിഗതമായി ഉത്തരമെഴുതുന്നു. ഗ്രൂപ്പിൽ കണ്ടെത്തിയ ഉത്തരങ്ങൾ ചർച്ചചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.

ഓരോ ഗ്രൂപ്പുകളും അവരുടെ ഉത്തരങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു. ടീച്ചർവേർഷൻ അവതരണം

1. ആശാൻ പറഞ്ഞുകൊടുക്കുന്ന ഓരോ കാര്യങ്ങളും വളരെ ആഴത്തിൽ മനസ്സിലാക്കുകയും അതിനെക്കുറിച്ച് കൂടുതൽ ചിന്തിക്കുകയും ചെയ്യുന്നത് കൊണ്ടാണ് നാരായണന് സംശയമുണ്ടാകുന്നത്.

2. നാരായണൻ എല്ലാവരേയും സ്നേഹിക്കുകയും മറ്റുള്ളവരുടെ സ്നേഹം പിടിച്ചുപറ്റുകയും ചെയ്തു. സഹപാഠികളെ പഠിക്കാൻ സഹായിക്കുകയും ഗുരുവിനെ സഹായിക്കുകയും ചെയ്തു. ഇങ്ങനെയുള്ള നാരായണൻ പഠനം അവസാനിപ്പിച്ച് അവിടം വിട്ടുപോകുന്നതിനാലാണ് കൂട്ടുകാരുടെ സങ്കടം.

**5. എഴുതാം (30 മിനിറ്റ്)**

കുട്ടികൾ ടി.ബിയിലെ പ്രവർത്തനം സ്വയം വായിക്കുന്നു. എന്താണ് ചെയ്യേണ്ടത്? ചർച്ച. ആവശ്യമെങ്കിൽ ടീച്ചർ ഇടപെടുന്നു. പ്രധാന ആശയങ്ങൾ ക്ലാസിൽ ചർച്ചചെയ്യുന്നു.

തുടർന്ന് വിദ്യാർത്ഥിയായിരിക്കുമ്പോൾ ശ്രീനാരായണ ഗുരുവിനുണ്ടായിരുന്ന പ്രത്യേകതകൾ കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു.

ഓരോരുത്തരും എഴുതിയത് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

ഗ്രൂപ്പിൽ ആവശ്യമായ മാറ്റം വരുത്തിയ ശേഷം ക്ലാസിൽ അവതരിപ്പിക്കുന്നു. ടീച്ചർ ക്രോഡീകരിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നു.

**6. ഒറ്റവാക്കെഴുതാം (10 മിനിറ്റ്)**




ടീച്ചർ പ്രവർത്തനം അവതരിപ്പിക്കുന്നു. കുട്ടികൾ ടി.ബിയിലെ വാക്കുകൾ വായിച്ച് അതേ അർത്ഥം വരുന്ന ഒറ്റവാക്ക് എഴുതുന്നു. കണ്ടെത്തിയ വാക്കുകൾ കുറച്ച് കുട്ടികൾ ക്ലാസിൽ അവതരിപ്പിക്കുന്നു, ഇതേ പോലുള്ള വാക്കുകൾ അറിയാവുന്നവർ പറയുന്നു. ടീച്ചർ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നു.

**7. സങ്കൽപ്പിച്ചെഴുതാം ( 60 മിനിറ്റ് )**

ടി.ബിയിലെ പ്രവർത്തനം കുട്ടികൾ വായിക്കുന്നു. ടീച്ചർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

യാത്ര പറയുന്ന നാരായണനും യാത്ര പറയുന്ന കൂട്ടുകാരും തമ്മിലുള്ള സംഭാഷണം കുട്ടികൾ മൂന്ന് പേർ വീതം ഗ്രൂപ്പായി സംഭാഷണം അവതരിപ്പിക്കുന്നു. തുടർന്ന് സംഭാഷണം എഴുതി അവതരിപ്പിക്കുന്നു. ടീച്ചർവേർഷൻ അവതരിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. തുടർന്ന് ഒരു പ്രാവശ്യം കൂടി ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുന്നു.

**8.എഡിറ്റിംഗ് (30 മിനിറ്റ് )**

ഒരു ഗ്രൂപ്പിന്റെ സംഭാഷണം എഡിറ്റിംഗിനായി തിരഞ്ഞെടുക്കുന്നു. ടീച്ചർ ഏതാനും ചോദ്യങ്ങളിലൂടെ എഡിറ്റിംഗിലേക്ക് നയിക്കുന്നു. ആശയം, വാക്യഘടന, പദങ്ങൾ, അക്ഷരം- ചിഹ്നം, വ്യവഹാര രൂപം എന്നിവ എഡിറ്റിംഗിന് വിധേയമാകുന്നു.

**ആശയം**

സംഭാഷണത്തിൽ ആശയങ്ങൾ ഏതെങ്കിലും വിട്ടുപോയിട്ടുണ്ടോ? ഒഴിവാക്കേണ്ട ആശയങ്ങൾ ഉണ്ടോ? കൂട്ടിച്ചേർക്കേണ്ടതോ മാറ്റം വരുത്തേണ്ടതോ ആയ കാര്യങ്ങൾ ഉണ്ടോ?

**വാക്യഘടന**

വാക്കുകളുടെ ക്രമം തെറ്റായി എഴുതിയിട്ടുണ്ടോ? വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? വാക്കുകൾ അധികമായി വന്നിട്ടുണ്ടോ?

**പദങ്ങൾ**

ഏതെങ്കിലും പദങ്ങൾ ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യേണ്ടതുണ്ടോ? ഏതെങ്കിലും പദങ്ങൾ വിട്ടുപോയിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾക്ക് പകരം മറ്റ് പദങ്ങൾ ഉപയോഗിച്ചാൽ സംഭാഷണം കൂടുതൽ നന്നാകുമോ?

**അക്ഷരം ചിഹ്നം**

അക്ഷരം ചിഹ്നം എന്നിവ ശരിയാണോ എഴുതിയത്? ആവശ്യമായ ചിഹ്നങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ?

**വ്യവഹാര രൂപം**

സംഭാഷണത്തിന്റെ സവിശേഷതകൾ പാലിച്ചിട്ടുണ്ടോ?

എഡിറ്റിംഗിന് ശേഷം കുട്ടികൾ സ്വന്തം രചനയും മറ്റുള്ളവരുടെ രചനയും എഡിറ്റ് ചെയ്യുന്നു.

**പ്രതികരണപേജിലേക്ക് :** രചനയിലെ പരിമിതികൾ കണ്ടെത്താൻ കഴിയുന്നുണ്ടോ? തുടർന്നുള്ള രചനയിൽ എഡിറ്റിംഗിന്റെ പ്രതിഫലനം എത്രമാത്രം?

**9. അന്നും ഇന്നും (40 മിനിറ്റ്)**

വിവരണത്തിൽ പറഞ്ഞിട്ടുള്ള കാലവും ഇന്നത്തെ കാലവും താരതമ്യപ്പെടുത്തി ക്ലാസിൽ ചർച്ച സംഘടിപ്പിക്കുന്നു.

ആളുകൾ. വീട്, സൗകര്യങ്ങൾ, ഉപകരണങ്ങൾ എന്നിവ താരതമ്യം ചെയ്യുന്നു. തുടർന്ന് ടി.ബിയിലെ പ്രവർത്തനം ടീച്ചർ അവതരിപ്പിക്കുന്നു. കുട്ടികൾ വ്യക്തിഗതമായി പൂരിപ്പിക്കുന്നു.


PENCIL
Process Ensuring for Natural Classroom Interaction and Learning

കുറച്ച് പേർ ക്ലാസിൽ അവതരിപ്പിക്കുന്നു. ടിച്ചർ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി ക്രോഡീകരിക്കുന്നു.

പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ വീടുകൾ വാഹനങ്ങൾ എന്നിവയുടെ ചിത്രം -വീഡിയോ എന്നിവ കാണിക്കുന്നു. വർക്ക്ഷീറ്റ് 3124 വിതരണം ചെയ്യുന്നു. വ്യക്തിഗതമായി ചെയ്തശേഷം ഗ്രൂപ്പിൽ പങ്കുവെക്കുന്നു. പൊതുഅവതരണം - ചർച്ച

**10. ശേഖരിക്കാം (ഗൃഹപാഠം)**

ശ്രീനാരായണഗുരു നിരവധി സന്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഒരു സന്ദേശം ടീച്ചർ അവതരിപ്പിച്ചിരുന്നു.

“ മതമേതായാലും മനുഷ്യൻ നന്നായാൽ മതി”

ഈ സന്ദേശത്തിന്റെ ആശയം ക്ലാസിൽ ചർച്ച ചെയ്യുന്നു. ഇത്തരം രണ്ട് സന്ദേശങ്ങൾ വീതം എല്ലാ കുട്ടികളും ശേഖരിക്കുന്നു. ഹോംവർക്കായി ചെയ്യുന്നു. മറ്റ് മഹാൻമാരുടെ കുട്ടിക്കാലവുമായി ബന്ധപ്പെട്ട കഥകൾ കുട്ടികൾ ശേഖരിക്കുന്നു. കുട്ടികൾ ശേഖരിച്ച സന്ദേശങ്ങൾ, കഥകൾ എന്നിവ അടുത്ത ദിവസം അവതരിപ്പിക്കുന്നു.

**11. ചുമർ പത്രിക (40 മിനിറ്റ്)**

കുട്ടികൾ ശേഖരിച്ച് ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ, മഹാന്മാരുമായി ബന്ധപ്പെട്ട മറ്റ് ജീവിതാനുഭവങ്ങൾ, ചിത്രങ്ങൾ എന്നിവ ചേർത്ത് ചുമർ പത്രിക തയ്യാറാക്കുന്നു.

കുട്ടികളെ പത്ത് പേരുള്ള ഗ്രൂപ്പാക്കി തിരിക്കുന്നു. ഓരോരുത്തരുടേയും ഒരു ശേഖരണം എങ്കിലും ചേർത്ത് ഓരോ ഗ്രൂപ്പും ചുമർ പത്രിക തയ്യാറാക്കുന്നു.

ചുമർ പത്രിക എല്ലാവർക്കും കാണാനായി പ്രദർശനം സംഘടിപ്പിക്കുന്നു.

| ക്ലാസ് : 3 | യൂണിറ്റ് 8 -വെളിച്ചം പകർന്നവർ | മൊഡ്യൂൾ 17. | മുൻപേ നടന്നവർ |
|---|---|---|---|

# അന്ന് ഇന്ന്

**പണ്ടുകാലത്ത് ഇന്നുപയോഗിക്കുന്ന ആധുനിക ഉപകരണങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. എന്തെല്ലാം മാറ്റമാണ് ഇപ്പോൾ വന്നിട്ടുള്ളത്?**

| അന്ന് | ഇന്ന് |
|---|---|
| കിണറ്റിൽ നിന്നും വെള്ളം എടുക്കുന്നത് പാളയും കയറും ഉപയോഗിച്ചാണ്. | |
| സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം വളരെ കുറവാണ്. | |
| പല കുട്ടികളും ഉച്ചഭക്ഷണം കഴിക്കാറുണ്ടായിരുന്നില്ല | |
| ആശാന്റെ വീട്ടിലോ വീടിനോട് ചേർന്നോ ആയിരുന്നു പള്ളിക്കൂടം. | |
| കുടിപ്പള്ളിക്കൂടം ആശാനായിരുന്നു കുട്ടികളെ പഠിപ്പിച്ചിരുന്നത് | |
| പുല്ലോ ഓലയോ മേഞ്ഞതായിരുന്നു വീടുകൾ | |
| മുണ്ടും മേൽമുണ്ടുമായിരുന്നു മിക്ക ആളുകളുടേയും വേഷം | |
| നാട്ടു വഴികളിലൂടെ നടന്നായിരുന്നു ആളുകളുടെ യാത്ര | |
| | |

| ക്ലാസ് : 3 | യൂണിറ്റ് 8 -വെളിച്ചം പകർന്നവർ | മൊഡ്യൂൾ 17. | മുൻപേ നടന്നവർ |
|---|---|---|---|

# ഇനിയാത്ര

നാരായണൻ : കൂട്ടുകാരേ ഞാൻ പോയിവരട്ടെ

കൂട്ടുകാർ : നാരായണാ.... നീ പോയാൽ ആരാ ഞങ്ങളേയും ഗുരുവിനേയും സഹായിക്കാനുണ്ടാവുക?

നാരായണൻ : നിങ്ങളെ ഇനി ആരും സഹായിക്കേണ്ട കാര്യമില്ല. നിങ്ങൾ എല്ലാവരും മിടുക്കന്മാരാണ്. എല്ലാവരും നന്നായി വരും.

കൂട്ടുകാർ : ഏതായാലും ഇത്രയും കാലം നമ്മളെല്ലാം ഒരു കുടംബം പോലെ കഴിഞ്ഞിട്ട്. ......... ഞങ്ങൾക്ക് സഹിക്കാനാകില്ല.

നാരായണൻ : ഇനിയും നമ്മളെല്ലാം ഒരു കുടുംബംതന്നെ ആയിരിക്കും. എന്നായാലും നമ്മളെല്ലാം പിരിഞ്ഞല്ലേ പറ്റൂ. ഞാൻ ഇപ്പോൾ ഇവിടെ വിട്ട് പോയാലും നിങ്ങളെ കാണാൻ ഇടയ്ക്കിങ്ങോട്ടു വരാമല്ലോ.

കൂട്ടുകാർ : എന്നാൽ ശരി. സമയം കിട്ടുമ്പോൾ ഇങ്ങോട്ടു വരണം

നാരായണൻ : അതുപിന്നെ പറയണോ. എനിക്ക് ഗുരുവിനേയും നിങ്ങളേയുമെല്ലാം മറക്കാനാകുമോ?

കൂട്ടുകാർ : നാരായണാ ... നാടിന് ആകെ അറിവ് പകർന്നു നൽകൂ. പോയിവരൂ.

നാരായണൻ : എന്നാൽ ശരി. ഞാൻ പോയിവരട്ടെ. എല്ലാവർക്കും നന്മ നേരുന്നു.

